"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -കോഴിക്കോട് ജില്ലയിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവായ അധിക തുകയായ 2,41,321/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരനായ ശ്രീ.വാസു.പി.പി, കൊയിലാണ്ടി-യ്ക്ക് അനുവദിക്കുന്നതിന് മണിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.637/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

പരാമർശം:-
1. സ.ഉ(സാധാ)നം.500/2019/ത.സ്വ.ഭ.വ തീയതി, 02.03.2019.
2. 29.07.2022 തീയതിയിലെ ശ്രീ.വാസു.പി.പി, കൊയിലാണ്ടി സമർപ്പിച്ച അപേക്ഷ.
3. 23.02.2024 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/7867/2024-DPLC2 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ 2019 വരൾച്ചാസമയത്ത് കുടിവെള്ളം വിതരണം നടത്തിയ വകയിൽ ലഭിക്കേണ്ട അധികതുക അനുവദിക്കുന്നതിനായി ശ്രീ.വാസു.പി.പി, കൊയിലാണ്ടി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. 2019-20 വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം വിതരണതിനായി സർക്കാർ അനുമതി ഉണ്ടായിരുന്ന 11 ലക്ഷം രൂപയിൽ നിന്നും അധികരിച്ച് ചെലവായ 2,41,321/- രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും മണിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച രേഖകളും സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

2. 2019 ലെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ മണിയൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം നേരിട്ടിരുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി ശ്രീ.വാസു.പി.പി, കൊയിലാണ്ടി-യെ ചുമതലപ്പെടുത്തുകയും 14.04.2019 മുതൽ 26.05.2019 വരെ കുടിവെള്ളം വിതരണം ചെയ്ത വകയിൽ ടിയാന് 13,24,714/- രൂപ അനുവദിക്കാനുണ്ടായിരുന്നതിൽ പരമാവധി ചെലവഴിക്കാവുന്ന തുക 11 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നതിനാൽ, രണ്ട് ഗഡുക്കളായി 10,82,393/- രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. പഞ്ചായത്തിന്റെ ഭൂവിസ്തൃതി, കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥ, ജനങ്ങളുടെയും പഞ്ചായത്ത് മെമ്പർമാരുടെയും അപേക്ഷ എന്നിവ പരിഗണിച്ചാണ് കുടിവെള്ളം വിതരണം ചെയ്തതും കൂടുതൽ തുക ചെലവ് വരുന്ന അവസ്ഥ സംജാതമായതെന്നും അധികരിച്ച് ചെലവായ 2,41,321/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത്

ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നുമാണ് തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 01.04.2019 മുതൽ 31.05.2019 വരെ കുടിവെള്ള വിതരണത്തിനായി 11 ലക്ഷം ചിലവഴിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ, മണിയൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 14.04.2019 മുതൽ 26.05.2019 വരെ കുടിവെള്ളം വിതരണം ചെയ്തതിന് നിയമാനുസൃതം നൽകാവുന്ന 11 ലക്ഷം രൂപ അധികരിച്ചുള്ള 2,41,321/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരനായ ശ്രീ.വാസു.പി.പി, കൊയിലാണ്ടി-യ്ക്ക് അനുവദിക്കുന്നതിന് മണിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.വാസു.പി.പി, പാറപ്പുറത്ത് വീട്, മുചുകുന്ന് പി.ഒ., കൊയിലാണ്ടി-673307.
സെക്രട്ടറി, മണിയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്-673521.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Resmi R S
Date: 16-03-2024 15:02:18
സെക്ഷൻ ഓഫീസർ